## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4611 — 22.03.2018 ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.എൻ ഷംസുദീൻ

**മറുപടി**

ഡോ.റ്റി.എം.തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

## ബാരിയർ ഫ്രീ പദ്ധതി

| | |
|---|---|
| എ) 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ബാരിയർ ഫ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;<br>ബി) ഇതിനായി ബഡ്ജറ്റിൽ അനുവദിച്ച 15 കോടി രൂപ മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ മാത്രം പദ്ധതി നടപ്പിലാക്കുവാനായി അനുവദിച്ചിട്ടുള്ളത് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ; | 26.04.2017 ൽ യോഗം ചേർന്ന വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനം അനുസരിച്ച് 24.05.2017 ലെ സർക്കാർ ഉത്തരവ് (സാധാ) 295/2017/സാ.നീ.വ പ്രകാരം ബാരിയർ ഫ്രീ പദ്ധതി നടപ്പിലാക്കുന്നതിന് മലപ്പുറം ജില്ലയ്ക്ക് 888.80 ലക്ഷം രൂപയും 01.06.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 331/2017/സാ.നീ.വ പ്രകാരം വയനാട് ജില്ലയ്ക്ക് 611.20 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.<br>ആയതിൻപ്രകാരം ഈ ജില്ലയിലെ സർക്കാർ അർദ്ധസർക്കാർ കെട്ടിടങ്ങൾ, സർക്കാർ ആശുപത്രികൾ, മറ്റു പൊതു കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഭിന്നശേഷിയുള്ളവർക്ക് തടസ്സമില്ലാതെ കടന്നു ചെല്ലാൻ കഴിയും വിധം സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) ഭിന്നശേഷിക്കാർക്ക് തടസ്സമില്ലാതെ ഓഫീസുകളിലും ആശുപത്രികളിലും കടന്ന് ചെല്ലുന്നതിനുള്ള പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ബാരിയർ ഫ്രീ പദ്ധതി മറ്റു ജില്ലകളിൽ | 2018-19 സാമ്പത്തിക വർഷത്തേക്ക് ബാരിയർ ഫ്രീ പദ്ധതി നടപ്പിലാക്കുന്നതിന് 18 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഇന്ത്യയിലെ ആദ്യത്തെ പ്രതിബന്ധമുക്ത സംസ്ഥാനമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

| | |
|---|---|
| ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ? | |

സെക്ഷൻ ഓഫീസർ